Draft #1 of File 10387/AC A3/1/2019/AC A 3 Approved by ASSISTANT REGISTRAR II ACADEMIC on 01-Apr-2019 11:35 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

എം .എ സോഷ്യോളജി പ്രൈവറ്റ് രജിസ്ട്രേഷൻ,2017 -2019 അപേക്ഷിക്കാനുള്ള യോഗ്യത സംബന്ധിച്ച തീരുമാനം -ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**അക്കാദമിക് എ 3 സെക്ഷൻ**

നമ്പർ. 1352/AC A 3/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 01.04.2019

---

പരാമർശം:-1 .ശ്രീ .ശ്രീകാന്ത് കെ .എൻ .,22 -12 -2017 ൽ എം. എ .സോഷ്യോളജി (പ്രൈവറ്റ് രജിസ്ട്രേഷൻ) അഡ്മിഷൻ നേടുന്നതിന് സമർപ്പിച്ച അപേക്ഷ

2 .2018 നവംബർ 9 വെള്ളിയാഴ്ച്ച കൂടിയ അക്കാദമിക് കൗൺസിൽ സ്റ്റാന്റിംഗ് യോഗത്തിന്റെ നടപടിക്കുറിപ്പുകൾ ഇനം നമ്പർ :06 / 187506

3.2019 ഫെബ്രുവരി മാസം 16 ന് കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് -ഇനം നമ്പർ:84/Ac.19/195029 .

**ഉത്തരവ്**

ശ്രീ .ശ്രീകാന്ത് കെ .എൻ. , 2017-2019 എം .എ സോഷ്യോളജി പ്രോഗ്രാമിന് അഡ്മിഷൻ നേടുന്നതിന് സൂചന (1 ) പ്രകാരം അപേക്ഷ സമർപ്പിക്കുകയും മതിയായ യോഗ്യത ഇല്ലാത്ത കാരണത്താൽ അപേക്ഷ നിരസിക്കുകയും ചെയ്തിരുന്നു.

എം.എ.സോഷ്യോളജി പ്രോഗ്രാമിന് ചേരുന്നതിന് അപേക്ഷിക്കുവാനുള്ള യോഗ്യത ഫാക്കൽറ്റി ഓഫ് ആർട്സ് ,സോഷ്യൽ സയൻസ് ,സയൻസ്, ലോ ,കോമേഴ്സ് വിഭാഗത്തിൽ നേടിയ ബിരുദമാണ് .അപേക്ഷകൻ ഫാക്കൽറ്റി ഓഫ് ടെക്നോളജി ആൻഡ് അപ്ലൈഡ് സയൻസ് വിഭാഗത്തിൽ ബിരുദം നേടിയിരിക്കുന്നതിനാൽ മതിയായ യോഗ്യതയില്ല എന്ന കാരണത്താലാണ് അപേക്ഷ നിരസിച്ചത് .

ടി അപേക്ഷകൻ എം.എ.സോഷ്യോളജി കോഴ്സിലേക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ അനുവദിക്കണമെന്നപേക്ഷിച്ചുകൊണ്ട് വൈസ് ചാൻസലർക്ക് വീണ്ടും അപേക്ഷ സമർപ്പിക്കുകയും പ്രസ്തുത അപേക്ഷ ഡീൻസ് കമ്മിറ്റിയുടെ പരിഗണനക്ക് സമർപ്പിക്കുവാൻ വൈസ് ചാൻസലറുടെ ചുമതല വഹിച്ചിരുന്ന പ്രൊ- വൈസ് ചാൻസലർ 16 .07 .2018 ൽ ഉത്തരവാകുകയും ചെയ്തു.

09 .11 .2018 ന്കൂടിയ അക്കാദമിക് സ്റ്റാൻഡിംഗ് കൗൺസിൽ യോഗത്തിന്റെ നടപടിക്കുറിപ്പുകൾ -ഇനം നമ്പർ :06 /187506 ആയി ടി വിഷയം പരിഗണിക്കുകയും, എം.എ.സോഷ്യോളജി കോഴ്സിന് ചേരാനുള്ള യോഗ്യത ഏതെങ്കിലും വിഷയത്തിൽ ബിരുദം എന്ന് നിജപ്പെടുത്താൻ ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു. മേൽ ശിപാർശ അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹുമാനപ്പെട്ട വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ ഉത്തരവായിരുന്നു .

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

16 .02 .2019 ന് കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ :84 / Ac.19 / 195029 ആയി താഴെപ്പറയുന്ന തീരുമാനം കൈക്കൊണ്ടിരിക്കുന്നു .

"എം .എ .സോഷ്യോളജി (പ്രൈവറ്റ് രജിസ്ട്രേഷൻ ) കോഴ്സിന് ചേരുന്നതിനുള്ള യോഗ്യത ഏതെങ്കിലും വിഷയത്തിൽ ബിരുദം എന്നു നിജപ്പെടുത്താൻ തീരുമാനിച്ചു ."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

രമേഷ് നാരായൺ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ശ്രീ ശ്രീകാന്ത് കെ എൻ
2 . വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3 . രജിസ്ട്രാറുടെ/പരീക്ഷ കൺട്രോളറുടെ പി എ മാർ
4 .എ ആർ II /ഡി ആർ II/ജെ ആർ II (അക്കാദമിക് വിഭാഗം )
5 .എ ആർ 9 /ഡി ആർ 1 /ജെ ആർ 2 (പരീക്ഷ വിഭാഗം)
6 .എ സി സി /ഇ എച്ച് 6 /പി ആർ 6 സെക്ഷനുകൾ
7 .ക്യാപ് സെൽ /സിസ്റ്റം അഡ്മിൻ/CETEX
8 .കണ്ടെന്റ് മാനേജ്മെന്റ് സെൽ /ഐ ക്യു എ സി / സിറ്റാഡ്
9 .സ്റ്റോക്ക് ഫയൽ /ഫയൽ കോപ്പി

ഫയൽ നം: പി ആർ 6/എസ് - 1/എം. എ/2018

Draft #1 of File 10387/AC A3/1/2019/AC A 3 Approved by ASSISTANT REGISTRAR II ACADEMIC on 01-Apr-2019 11:35 AM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല , കേരളം